വീടു കേന്ദ്രീകരിച്ചു കള്ളനോട്ടുണ്ടാക്കുന്നതിനിടെ 3 പേർ ബാലുശ്ശേരി പൊലീസ് പിടിയിൽ.എറണാകുളം വൈറ്റില തെങ്ങുമ്മൽ വിൽബർട്ട് (43), ബാലുശ്ശേരി മീത്തലെമണിഞ്ചേരി രാജേഷ് (മുത്തു–45), നല്ലളം താനില വൈശാഖ് (24) എന്നിവരെയാണു സിഐ കെ.സുഷീറും സംഘവും അറസ്റ്റ് ചെയ്തത്. പോസ്റ്റ് ഓഫിസ് റോഡിലുള്ള രാജേഷിന്റെ ഇരുനില വീട്ടിലായിരുന്നു കള്ളനോട്ട് നിർമാണം. രണ്ടായിരത്തിന്റെയും അഞ്ഞൂറിന്റെയും നോട്ടുകൾ നിർമിക്കാനുള്ള സംവിധാനങ്ങളാണ് ഉണ്ടായിരുന്നത്.

ഏതാനും ദിവസങ്ങളായി ഇവർ പൊലീസ് രഹസ്യാന്വേഷണ വിഭാഗത്തിന്റെ നിരീക്ഷണത്തിലായിരുന്നു.നോട്ടടിക്കാൻ പാകത്തിലുള്ള 200 എണ്ണം വീതമുള്ള കടലാസുകളുടെ 76 കെട്ടുകൾ, നിർമിച്ച കള്ളനോട്ടുകൾ, മറ്റുസാമഗ്രികൾ എന്നിവ പൊലീസ് കണ്ടെടുത്തു. പിടികൂടിയ രാസസംയുക്തങ്ങൾ ഫൊറൻസിക് സംഘം പരിശോധിച്ചു. എഎസ്ഐമാരായ കെ.എസ്.ശിവദാസൻ, സുധാകരൻ,കെ.സി.പൃഥ്വീരാജ്, സി.സുരേഷ്, സീനിയർ സിപിഒ ശ്രീജ തുടങ്ങിയവർ പൊലീസ് സംഘത്തിലുണ്ടായിരുന്നു.

